# സമഗ്ര ശിക്ഷ, കേരളം

**A** **402**

# പാദവാർഷിക മൂല്യനിർണയം 2018-19

ക്ലാസ് - 4 **മലയാളം** സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര്.........................................................

വിദ്യാലയത്തിന്റെ പേര്..............................................

ഡിവിഷൻ.........................................................

രക്ഷിതാവിന്റെ ഒപ്പ്......................................................

അധ്യാപകന്റെ ഒപ്പ്......................................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | ഉത്തരമെഴുതാം | |
| 2 | അനുഭവക്കുറിപ്പ് | |
| 3 | പോസ്റ്റർ | |
| 4 | പത്രവാർത്ത | |
| 5 | കവിതയെഴുതാം | |
| 6 | ആസ്വാദനക്കുറിപ്പ് | |
| | ഓവറോൾ ഗ്രേഡ് | |

1. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്കു മാത്രം ഉത്തരം എഴുതിയാൽ മതി.
2. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.

## പ്രവർത്തനം 1 - ഉത്തരമെഴുതാം

കഥാഭാഗം ശ്രദ്ധയോടെ വായിക്കൂ.

*പുഴ കഥയെഴുതാൻ തുടങ്ങി.*

*വിവരമറിഞ്ഞപ്പോൾ കാറ്റിന് ഉത്സാഹമായി. പുഴയുടെ കഥയിൽ തനിക്കും ഒരിടം കിട്ടിയേക്കാം.*

*പുഴയിലേക്കു വളർന്നിറങ്ങിയ കണ്ടൽക്കാടിനോടും അവിടെ മുട്ടയിടാനെത്തിയ മീനുകളോടും കാറ്റ് വിശേഷം പങ്കുവെച്ചു.*

*അവർക്കും സന്തോഷമായി. തങ്ങളും കഥയിൽ ഇടം നേടിയേക്കാം. പറഞ്ഞ് പറഞ്ഞ് വിവരമറിഞ്ഞ മണൽത്തിട്ടയ്ക്കും ആവേശം വന്നു. താനും ഈ കഥയിൽ ഒരു ഭാഗമായതു തന്നെ.*

*ചൊരിമണലിൽ കഥയെഴുതി. എഴുതിയെഴുതി നീങ്ങവേ പാവം! പുഴ മെലിഞ്ഞ് മെലിഞ്ഞ് എവിടെയോ മറഞ്ഞു.......*

ഒന്നു മുതൽ നാലു വരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും യോജിച്ച ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. കാറ്റിന് ഉത്സാഹം തോന്നിയതെന്തുകൊണ്ട്?
   - എ) കണ്ടൽക്കാടിനോട് വിശേഷം പറയാൻ കഴിഞ്ഞതുകൊണ്ട്.
   - ബി) കഥയിൽ ഒരിടം കിട്ടിയേക്കാം എന്നു വിചാരിച്ച്.
   - സി) നന്നായി വീശാൻ കഴിഞ്ഞതുകൊണ്ട്.
   - ഡി) മീനുകളെ കാണാൻ കഴിഞ്ഞതുകൊണ്ട്.

2. 'പാവം! പുഴ മെലിഞ്ഞ് മെലിഞ്ഞ് എവിടെയോ മറഞ്ഞു' ഈ വരികളിൽനിന്ന് നിങ്ങൾക്ക് മനസിലാകുന്നതെന്ത്?

എ) പുഴ ഒളിച്ചു.

ബി) പുഴ മരിച്ചു.

സി) പുഴ കരഞ്ഞു.

ഡി) പുഴയെ കാണാതായി

3. 'ഇടം നേടുക' എന്നതുകൊണ്ട് ഇവിടെ എന്താണ് അർഥമാക്കുന്നത്?

എ) കഥാപാത്രമാവുക

ബി) സമ്മാനം നേടുക

സി) സ്ഥലം കിട്ടുക

ഡി) പേരു കിട്ടുക

4. അവസാനം പുഴയ്ക്ക് എന്തു സംഭവിച്ചുവെന്ന് മനസിലായല്ലോ. ഇതിനു കാരണമായ, കഥയിൽ നേരിട്ടു പ്രത്യക്ഷപ്പെടാത്ത കഥാപാത്രം ആരാണ്?

എ) കടൽ

ബി) മേഘം

സി) മനുഷ്യൻ

ഡി) സൂര്യൻ

**ഉത്തരമെഴുതുക**

5. 'പറഞ്ഞ് പറഞ്ഞ്' എന്നതുപോലെയുള്ള പ്രയോഗങ്ങൾ കഥാഭാഗത്തുനിന്ന് കണ്ടെത്തി എഴുതുക.

**പ്രവർത്തനം 2 - അനുഭവക്കുറിപ്പ്**

"വേനലൊഴിവെത്ര വേഗം പോയ്
വേനൽക്കിനാക്കൾ കരിഞ്ഞേ പോയ്"

'കുടയില്ലാത്തവർ' എന്ന കവിതയിൽ വേനലൊഴിവ് വേഗം കടന്നുപോയതിൽ സങ്കടപ്പെടുന്ന കുട്ടിയെ പരിചയപ്പെട്ടുവല്ലോ. നിങ്ങൾക്കും വേനലൊഴിവ് ഇങ്ങനെ തന്നെയാണോ അനുഭവപ്പെട്ടത്? നിങ്ങളുടെ വേനലവധിക്കാലത്തെ അനുഭവങ്ങൾ പങ്കുവയ്ക്കൂ.

പ്രവർത്തനം 2(ബി)

'കുടയില്ലാത്തവർ' എന്ന കവിത രചിച്ചതാര്?

പ്രവർത്തനം 3 - പോസ്റ്റർ

'ശക്തിയായ മഴയിൽ ഞാവൽക്കാട്ടിലെ തീ അണഞ്ഞു'. പത്രവാർത്ത വായിച്ച കുട്ടനും, ലൈലയും അച്ഛന്റെയടുത്തെത്തി. "അച്ഛാ ഞങ്ങൾക്കു ഞാവൽക്കാട് കാണണം". അച്ഛൻ സമ്മതിച്ചു. അവർ കാടു കാണാൻ പോയി. അവിടെ നിന്ന ഞാവൽച്ചെടികളിലൊന്ന് ശ്രദ്ധാപൂർവം പറിച്ചെടുത്ത് അവർ വീട്ടുപറമ്പിൽ കൊണ്ടുപോയി നട്ടു. "വനം നശിപ്പിക്കുന്ന മനുഷ്യന്റെ പ്രവൃത്തി ക്രൂരം തന്നെ". ലൈല പറഞ്ഞു. ഞാവൽത്തൈ നട്ട ശേഷം കുട്ടൻ കാടു സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്ന പോസ്റ്റർ തയാറാക്കുകയാണ്. നിങ്ങളും ഈ ആശയം വരുന്ന ഒരു പോസ്റ്റർ തയാറാക്കൂ.

പ്രവർത്തനം 3 (ബി)

കാട് എന്ന അർഥത്തിൽ ചോദ്യഭാഗത്ത് പ്രയോഗിച്ചിരിക്കുന്ന പദം കണ്ടെത്തി എഴുതൂ.

പ്രവർത്തനം 4 – പത്രവാർത്ത

മഴപെയ്ത് തോടും കുളങ്ങളുമെല്ലാം നിറഞ്ഞുകവിഞ്ഞു. സ്കൂൾ വിട്ട് വീട്ടിലേക്കു പോകുംവഴി ഒന്നാം ക്ലാസുകാരനായ അമൽ വെള്ളക്കുഴിയിൽ വീണു. അവന്റെ കരച്ചിൽ കേട്ട് ഓടിയെത്തിയ നാലാം ക്ലാസിലെ ബഷീർ വെള്ളക്കെട്ടിലേക്ക് എടുത്തുചാടി അമലിനെ രക്ഷപ്പെടുത്തി. പിറ്റേന്ന് സ്കൂൾ അസംബ്ലിയിൽവെച്ച് എല്ലാവരും ബഷീറിനെ അഭിനന്ദിച്ചു. പഞ്ചായത്ത് പ്രസിഡന്റ് അവന് ഉപഹാരം നൽകി. ഈ സംഭവത്തെ അടിസ്ഥാനമാക്കി ഒരു പത്രവാർത്ത തയ്യാറാക്കൂ.

## പ്രവർത്തനം 5 – കവിതയെഴുതാം

വിവിധ വർണങ്ങളിലുള്ള പൂക്കൾ വിടർന്നുനിൽക്കുന്ന മനോഹരമായ പൂന്തോട്ടം നിങ്ങൾക്കും ഇഷ്ടമല്ലേ? പൂന്തോട്ടത്തെക്കുറിച്ച് ഒരു കവിത തയാറാക്കൂ. തലക്കെട്ടും നൽകണേ.

..................................................................................................

..................................................................................................

..................................................................................................

..................................................................................................

..................................................................................................

..................................................................................................

..................................................................................................

..................................................................................................

## പ്രവർത്തനം 6 – ആസ്വാദനക്കുറിപ്പ്

'കുടയില്ലാത്തവർ' എന്ന കവിതയിലൂടെ മഴയനുഭവങ്ങൾ പങ്കുവച്ചുവല്ലോ. മഴയുമായി ബന്ധപ്പെട്ട മറ്റൊരു കവിതയിതാ. ചിതറിവീഴുന്ന മഴയിൽ ആർക്കൊക്കെയാണ് സന്തോഷമുണ്ടായതെന്നു നോക്കൂ. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കൂ.

മാനത്തുന്നൊരു പൂത്തിരിപോലാ
വെള്ളത്തുള്ളികൾ ചിതറിയെറിഞ്ഞേ
പുഴയും തൊടിയും കിണറും കുളവും
പുതുവെള്ളത്താൽ മുങ്ങിനിറഞ്ഞേ
പാടത്തും കൈത്തോട്ടിലുമെല്ലാം
പൊൻപരൽമീനുകൾ നീന്തിനടന്നേ
വേനൽച്ചൂടിലുണങ്ങിയ പാടം
പുത്തൻമഴയുടെ ഗന്ധമണിഞ്ഞേ
മണ്ണിലമർന്നു മയങ്ങിയുറങ്ങിയ
വിത്തുകളെല്ലാം കണ്ണു തുറന്നേ

ആ മഴ പുതുമഴ നനയാനായി
കുട്ടികളെല്ലാം തൊടിയിൽ നിരന്നേ
പുത്തൻ പൂക്കുട ചൂടീട്ടവരാ
മഴയിൽ മുങ്ങി രസിച്ചു നടന്നേ...